(3) ഓൺ ഡിമാന്റ് വെബ്കാസ്റ്റിംഗ് സംബന്ധിച്ച്

2018 ജനുവരി മാസം 30-ാം തീയതി സബ്മിഷന്റെ അവതരണവേളയിൽ, സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയുടെ മകൻ ഉൾപ്പെട്ട സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച് പ്രതിപക്ഷ നേതാവ് 25-01-2018-ന് ഉന്നയിച്ച സബ്മിഷനും അതിന് മുഖ്യമന്ത്രി നൽകിയ മറുപടിയും അഞ്ച് ദിവസമായിട്ടും നിയമസഭാ വെബ്സൈറ്റിലെ വീഡിയോ ഓൺ ഡിമാന്റിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത സബ്മിഷനും മറുപടിയും നിയമസഭാ വെബ്സൈറ്റിലെ വീഡിയോ ഓൺ ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടു.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി. *

" 2018 ജനുവരി 25-ന് പ്രതിപക്ഷനേതാവ് സഭയിൽ ഉന്നയിച്ച സബ്മിഷനിലെ ചില പരാമർശങ്ങൾ സഭാനടപടികളിൽനിന്ന് നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് ചില അംഗങ്ങൾ ചെയറിന് രേഖാമൂലം കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത സബ്മിഷനിലെ ഏതെങ്കിലും ഭാഗം നീക്കം

---

* XIV KLA IX Session Vol. No. 170/No. 5 dated 30. 01.2018

ചെയ്യേണ്ടതുണ്ടോയെന്ന് പരിശോധിച്ച ശേഷം അത് നിയമസഭാ വെബ്സൈറ്റിലെ വീഡിയോ ഓൺ ഡിമാന്റ് ലിങ്കിൽ ഉൾപ്പെടുത്തുന്നതാണ്."